**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1074** **06.02.2020-ൽ മറുപടിയ്ക്ക്**

# കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴി ഫ്ലൈ ഓവറിന്റെ നിർമ്മാണം

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴി പ്രദേശത്തെ ഫ്ലൈ ഓവർ നിർമ്മാണത്തിലെ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കോട്ടയം ജില്ലയിലെ കഞ്ഞിക്കുഴി ഫ്ളൈ ഓവറിന്റെ നിർമ്മാണത്തിനാവശ്യമായ ഭൂമിയുടെ ഏറ്റെടുക്കലും ഫണ്ടിന്റെ അപര്യാപ്തതയുമാണ് കാലതാമസത്തിനുള്ള കാരണങ്ങൾ. ഭൂമി ഏറ്റെടുക്കുന്നതിനുള്ള പണം ഉൾപ്പെടുത്താതെ ഭരണാനുമതി നൽകുന്നതു വഴി ചില പ്രവൃത്തികൾ മുന്നോട്ടുപോകാനാവാതെ കാലതാമസം ഉണ്ടാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരം കാര്യങ്ങൾ കൂടുതൽ ശ്രദ്ധിക്കുകയും ഭരണാനുമതി നൽകുന്ന ഘട്ടത്തിൽ തന്നെ മതിയായ തുക വകയിരുത്തുന്നതിനും ശ്രദ്ധിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത പ്രവൃത്തിയുടെ സർക്കാർതല അനുമതി വിവരങ്ങൾ ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് 04.12.2015 ലെ സ.ഉ (സാധാ) നം.1804/2015/പൊ.മ.വ. പ്രകാരം സർക്കാരിൽ നിന്നും 30.71 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ? | (സി | കോട്ടയം കഞ്ഞിക്കുഴി ഫ്ലൈ ഓവറിന്റെ സ്ഥലം ഏറ്റെടുക്കലിനാവശ്യമായ തുകയും കൂടി ഉൾപ്പെടുത്തി പ്രോപ്പോസൽ തയ്യാറാക്കി സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് (ദേശീയപാത) നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുക്കിയ ഭരണാനുമതി ലഭിക്കുന്ന മുറക്ക് കാലതാമസം കൂടാതെ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ